# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1109    02.03.2017 ൽ മറുപടിക്ക്**

**വൈറ്റില - കുണ്ടന്നൂർ മേൽപ്പാലവും അരൂർ ഇടപ്പള്ളി പാതനവീകരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ദേശീയപാതയിലെ തിരക്കേറിയ വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാല നിർമ്മാണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത മേല്പാല നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു; | എ) വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാലങ്ങൾ ദേശീയപാതയിൽ വരുന്നതുകൊണ്ട് എൻ.എച്ച്.എ.ഐ തന്നെ അവ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ.7/2016/പൊമവ .തീയതി 20/02/2016 പ്രകാരം വൈറ്റില ഫ്ളൈ ഓവറിന് 100.90 കോടിയും, കുണ്ടന്നൂർ ഫ്ളൈ ഓവറിന് 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| ബി) പാലം നിർമ്മാണത്തിന്റെ പകുതി തുക നൽകാമെന്ന് ദേശീയ ഉപരിതല ഗതാഗതവകുപ്പ് സമ്മതിച്ചിട്ടുണ്ടോ; കേന്ദ്രത്തിൽ നിന്നും സഹായം ലഭ്യമല്ലെങ്കിൽ മുഴുവൻ തുകയും സംസ്ഥാനം വഹിക്കുമോ; | ബി) & സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ എച്ച് എ ഐ) പകുതി തുക നൽകാൻ സമ്മതിച്ചിട്ടില്ല. 20/10/2016 ലെ സർക്കാർ കത്ത് നമ്പർ 788/സി3/16/പി.ഡബ്ല്യു.ഡി. പ്രകാരം എൻ.എച്ച്.എ.ഐ തന്നെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 25/11/2016ലെ ദേശീയപാത അതോറിറ്റിയുടെ കത്ത് നമ്പർ എൻ.എച്ച്/47/ 2016/91522 മറുപടി പ്രകാരം ഫ്ളൈ ഓവറുകൾ കേരള സർക്കാർ ചിലവിൽ നിർമ്മിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. വീണ്ടും ബഹു.കേരള മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് |
| സി) ദേശീയപാതയിൽ അരൂർ മുതൽ ഇടപ്പള്ളിവരെയുള്ള മേഖലയുടെ നവീകരണത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | |

മന്ത്രിക്ക് അയച്ച കത്തിലൂടെ കുണ്ടന്നൂർ, വൈറ്റില ഫ്ളൈഓവർ കൂടാതെ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ബൈപ്പാസിന്റെ നവീകരണ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്തിന് മറുപടി ലഭിച്ചിട്ടില്ല. എൻ എച്ച് എ ഐ പ്രസ്തുത മേൽപ്പാലങ്ങൾ നിർമിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അതിനായി സംസ്ഥാന ബജറ്റിൽ (2017-18) മരാമത്ത് വകുപ്പ് നിർദേശം സമർപ്പിച്ചിട്ടുണ്ട്. ഗവർണ്ണറുടെ 2017 ഫെബ്രുവരി 23ലെ പ്രസംഗത്തിൽ ഈ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ